**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **14-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വ്യാജ ഡോക്ടർമാർ രോഗികളെ ചികിത്സിക്കുന്നത് ഗുരുതരമായ കുറ്റകൃത്യമാണ്. മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഡോക്ടർമാർക്ക് മാത്രമേ രോഗികളെ ചികിത്സിക്കാൻ അനുവാദമുള്ളൂ. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം വ്യാജ ഡോക്ടർമാരെ സ്ഥാപന ഉടമകൾ ആശുപത്രികളിൽ രോഗീചികിത്സയ്ക്ക് നിയമിക്കുന്നതും കുറ്റകരമാണ്. Cr.PC യും, മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടും പ്രകാരമുള്ള നിയമ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് പോലീസ് കേസെടുത്ത് ഇങ്ങനെയുള്ള സംഭവങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ആശുപത്രിയാണെങ്കിൽ ഇത്തരക്കാരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. |
| (ബി) | എം.ബി.ബി.എസ്. പരീക്ഷ പരാജയപ്പെട്ട വ്യാജ ഡോക്ടർ വരുത്തിയ ചികിത്സാപിഴവിനെ തുടർന്ന് കോഴിക്കോട് കടലുണ്ടിയിലെ സ്വകാര്യ ആശുപത്രിയിൽ രോഗി മരിച്ച സംഭവത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | കോഴിക്കോട് കടലുണ്ടിയിലെ സ്വകാര്യ ആശുപത്രിയിൽ രോഗി മരിച്ച സംഭവത്തിൽ രോഗിയുടെ മകൻ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി ഇമെയിലായി സമർപ്പിച്ചിരുന്നു. ആയതിന്റെ പകർപ്പ് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്കും നൽകിയിട്ടുണ്ട്. ഇത്തരം പരാതികളിൽ പോലീസ് നടപടികളുടെ ഭാഗമായി പോലീസ് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കുലർ നം. 73304/SSB3/2007/Home Dated:16.06.2008 Home (SSB) Department പ്രകാരം എക്സ്പേർട്ട് പാനൽ കമ്മിറ്റി രൂപീകരിക്കുകയും വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തുവരുന്നു. ആരോഗ്യ വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് ഡി.എം.ഒ യോട് ആവശ്യപ്പെടാൻ അരോഗ്യ വകുപ്പ് ഡയറക്ടർക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകി. 03-10-2024 തീയതിയിൽ ചേർന്ന അടിയന്തര മോഡേൺ മെഡിസിൻ കൗൺസിൽ യോഗ തീരുമാനപ്രകാരം ചികിത്സ നടത്തിയ പ്രസ്തുത വ്യക്തിക്കെതിരെ 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ക്രിമിനൽ നിയമനടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | രോഗികളുടെ ജീവൻ തന്നെ അപകടത്തിലാക്കുന്ന രീതിയിൽ വ്യാജ ഡോക്ടർമാർ വർഷങ്ങളായി പ്രവർത്തിക്കുമ്പോഴും അത് കണ്ടെത്തി തടയാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും പാലിക്കേണ്ട നിശ്ചിത നിലവാരവും ഡോക്ടർമാർ മറ്റ് ജീവനക്കാർ എന്നിവർക്ക് വേണ്ട കുറഞ്ഞ യോഗ്യതകളും നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന എല്ലാ മെഡിക്കൽ പ്രാക്ടീഷണർമാരും കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിൽ യോഗ്യതയും അധികയോഗ്യതയും നിയമപരമായി രജിസ്റ്റർ ചെയ്തിരിക്കണം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണർമാരുടെ പേരോ രജിസ്ട്രേഷൻ നമ്പരോ സെർച്ച് ചെയ്ത് ഡോക്ടർമാരുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള സംവിധാനം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തണമെന്ന് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ കേരളാ സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ എന്നിവയിലെല്ലാം തന്നെ അവിടെ സേവനമനുഷ്ഠിക്കുന്ന മോഡേൺ മെഡിക്കൽ പ്രാക്ടീഷണർമാരുടെ കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ നൽകിയിട്ടുള്ള ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് അവരുടെ യോഗ്യത ഉറപ്പുവരുത്തേണ്ടതും സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റഡ് കോപ്പികൾ (നിയമപരമായി സാക്ഷ്യപ്പെടുത്തിയ പകർപ്പ്) സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. |
| (ഡി) | ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (ഡി) | നിശ്ചിത യോഗ്യതയില്ലാത്ത ഡോക്ടർമാരേയോ മറ്റ് ജീവനക്കാരേയോ ആശുപത്രികളിൽ നിയമിക്കുകയോ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം രജിസ്ട്രേഷനില്ലാതെ സ്ഥാപനം നടത്തുകയോ ചെയ്യുകയാണെങ്കിൽ കേരള ക്ലിനിക്കൽ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് ഖണ്ഡിക 26, 27 പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ യോഗ്യതയില്ലാത്ത വ്യാജ ഡോക്ടർമാർക്കെതിരെ 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ കേരളാ മെഡിക്കൽ കൗൺസിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ